മാധ്യമം 11 December 2021

# വേമ്പനാട്ടുകായലിലെ കക്ക പുനരുജ്ജീവന പദ്ധതി വിജയം

## ● പ്രതിദിനം 10 ടൺ വിളവെടുപ്പ് ● 200 ടൺ കക്കക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരുന്നു

**കൊച്ചി:** വേമ്പനാട്ടുകായലിലെ കക്കസമ്പത്ത് പുനരുജ്ജീവിപ്പിക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) ശ്രമം വൻ വിജയം. കായലിൽ കക്കയുടെ ലഭ്യത കുറഞ്ഞ പശ്ചാത്തലത്തിൽ കുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിച്ച് നടത്തിയ കക്ക പുനരുജ്ജീവന പദ്ധതിയിലൂടെ ഉൽപാദനം വർധിച്ചതായി കണ്ടെത്തി.വിളവെടുപ്പ് തുടങ്ങിയതോടെ ചുരുങ്ങിയത്



10 ടൺ കക്കയാണ് മത്സ്യത്തൊഴിലാളികൾ പ്രതിദിനം ഈ പ്രദേശങ്ങളിൽനിന്ന് ശേഖരിക്കുന്നത്. ഏകദേശം 1500 ടൺ കക്ക ഉൽപാദനമാണ് കുഞ്ഞുങ്ങളെ നിക്ഷേപിച്ച ഭാഗങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഇത് നിക്ഷേപിച്ച കുഞ്ഞുങ്ങളുടെ ഏഴിലധികം മടങ്ങ് വരും.

ജില്ല പഞ്ചായത്തിന് കീഴിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന കക്ക പുനരുജ്ജീവന പദ്ധതിക്ക് ശാസ്ത്ര-സാങ്കേതിക മേൽനോട്ടം വഹിച്ചത് സി.എം.എഫ്.ആർ.ഐയാണ്. കായലിൽ തണ്ണീർമുക്കം ബണ്ടിന് വടക്ക് കീച്ചേരി, ചക്കത്തുകാട് പ്രദേശങ്ങളിലായി 20 ഹെക്ടറോളം ഭാഗത്ത് 2019ൽ 200 ടൺ കക്കക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചാണ് പദ്ധതിക്ക് തുടക്കമിട്ടത്.

കക്കയുടെ ലഭ്യതക്കുറവും മഹാമാരിയും മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമാണിതെന്ന് സി.എം.എഫ്.ആർ.ഐ മൊളസ്കൻ ഫിഷറീസ് വിഭാഗം മേധാവി ഡോ.പി. ലക്ഷ്മിലത പറഞ്ഞു. തോട് കളഞ്ഞ കക്ക ഇറച്ചി 150 രൂപക്കാണ് തൊഴിലാളികൾ വിപണിയിലെത്തിക്കുന്നത്. വേമ്പനാട്ടുകായലിൽനിന്നുള്ള കക്കലഭ്യത മുൻകാലങ്ങളിൽ 75,000 ടണ്ണിന് മുകളിലുണ്ടായിരുന്നത് 2019ൽ 42,036 ടണ്ണായി കുറഞ്ഞിരുന്നു. അയ്യായിരത്തോളം പേരാണ് വേമ്പനാട്ടുകായലിൽനിന്ന് കക്ക വാരി ഉപജീവനം നടത്തുന്നത്.